LIBRARY ARCHIVES Kerala Legislative Assembly

മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ എന്നിവയിലൂടെ വിൽക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം

7 [* 315] ശ്രീ. സി. പി. മുഹമ്മദ് :

ഡോ. എം. എ. കുട്ടപ്പൻ :

ശ്രീ. കെ. സുധാകരൻ :

,, ടി. യു. രാധാകൃഷ്ണൻ :

ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ എന്നിവയിലൂടെ വിൽക്കുന്ന സാധനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ ;

(ബി) കൂടിയ വിലയ്ക്ക് ഗുണം കുറഞ്ഞ സാധനങ്ങൾ വാങ്ങി പ്രസ്തുത സ്ഥാപനങ്ങളിൽ വിൽക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം മുൻകരുതൽ എടുത്തിട്ടുണ്ട് ;

(ഡി) മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ എന്നിവയിലൂടെ ഗുണനിലവാരമുള്ള സാധനങ്ങൾ മാത്രം വിൽപ്പന നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) തിരഞ്ഞെടുത്ത 12 പ്രധാനപ്പെട്ട അവശ്യ സാധനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ട്.

(ബി) ഇല്ല.

(സി) ഉത്തരം 'ബി'യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എക്കോടൂറിസം വികസനത്തിന് നടപടി

8 [* 316] ശ്രീ. കെ. കെ. ജയചന്ദ്രൻ :

,, രാജു എബ്രഹാം :

,, എം. വി. ഗോവിന്ദൻ മാസ്റ്റർ :

,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് ഇക്കോ ടൂറിസം വികസനത്തിന് സാധ്യതകൾ ഉള്ളതായി കരുതുന്നത് ;

(സി) തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) 2003-04 വർഷത്തെ അപേക്ഷിച്ച് 2004-05 വർഷത്തിൽ തെന്മല ടൂറിസം പദ്ധതി സന്ദർശിച്ച ടൂറിസ്റ്റുകളുടെ എണ്ണവും റവന്യൂ വരുമാനവും കുറഞ്ഞിട്ടുണ്ടോ ; എങ്കിൽ, കാരണം വിശദമാക്കാമോ ;

(ഇ) ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട്, എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) കേരളത്തിലെ വന്യജീവി സങ്കേതങ്ങളും നാഷണൽ പാർക്കുകളും അതുപോലെ ശുദ്ധജലതടാകങ്ങൾ, കണ്ടൽക്കാടുകൾ, പക്ഷിസങ്കേതങ്ങൾ തുടങ്ങിയ ഇക്കോ ടൂറിസം വികസനത്തിന് സാധ്യതയുള്ള സ്ഥലങ്ങൾ വിവിധ വകുപ്പുകളുടെ അധികാര പരിധിയിലാണ്. ഈ വകുപ്പുകളുമായി ബന്ധപ്പെട്ട് ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഇക്കോ ടൂറിസം വികസന പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തിരുവനന്തപുരം ജില്ലയിലെ കല്ലാർ, കൊല്ലം ജില്ലയിലെ പാലരുവി, തെന്മല, പത്തനംതിട്ട ജില്ലയിലെ കോന്നി, കണ്ണൂർ ജില്ലയിലെ ആറളം, ഇടുക്കി ജില്ലയിലെ തൊമ്മൻകുത്ത്, തേക്കടി, ഇരവികുളം ദേശീയ പാർക്ക്, ചിന്നാർ വന്യജീവി സങ്കേതം, പാലക്കാട് ജില്ലയിലെ നെല്ലിയാംപതി, പറമ്പിക്കുളം, കണ്ണൂർ ജില്ലയിലെ പൈതൽമല തുടങ്ങിയ സ്ഥലങ്ങൾ കൂടാതെ, എല്ലാ വന്യജീവി സങ്കേതങ്ങളും ദേശീയ പാർക്കുകളും ഉൾപ്പെടെ അനുബന്ധത്തിലുള്ള† അൻപത്തിയാറു സ്ഥലങ്ങളിൽ ഇക്കോ ടൂറിസം പദ്ധതികൾക്ക് സാദ്ധ്യതയുള്ളതിനാൽ ഈ സ്ഥലങ്ങൾ ചേർത്ത് ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കുറഞ്ഞിട്ടുണ്ട്, ഒക്ടോബർ 2003 മുതൽ മാർച്ച് 2004 കാലയളവിൽ തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റിക്ക് പൂർണ്ണതോതിൽ ഒരു ചീഫ് എക്സിക്യൂട്ടീവ് ഇല്ലാതിരുന്നതിനാൽ പൂർണ്ണതോതിലുള്ള മാർക്കറ്റിംഗ് സാധ്യമായില്ല. അതുകൊണ്ടാണ് വരുമാനത്തിൽ കുറവുണ്ടായത്. എന്നാൽ 2005 ജനുവരി, ഫെബ്രുവരി മാസത്തിലെ വരുമാനത്തിലും വിനോദ സഞ്ചാരികളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ സാമ്പത്തികവർഷം എടുത്ത നടപടികൾമൂലമാണ് ഇത് സാധ്യമായത്.

(ഇ) തെന്മല ഇക്കോ ടൂറിസത്തിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി ലെഷർസോൺ മോടിപിടിപ്പിക്കുന്നതിനുവേണ്ടി ഈ സാമ്പത്തികവർഷം ₹ 8,30,000 അനുവദിക്കുകയും ഇതിന്റെ ആദ്യഗഡുവായ അഞ്ചുലക്ഷം രൂപ ലെഷർസോണിലെ പാത്ത്വേ (നടപ്പാത) നിർമ്മിക്കുന്നതിനും സഞ്ചാരികൾക്ക് സംരക്ഷണത്തിന് ആവശ്യമായ വേലികൾ നടപ്പാതയ്ക്കു സമീപം നിർമ്മിക്കുന്നതിനും ചിലവഴിക്കുകയുണ്ടായി.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly